വൈകി കിട്ടിയ ഉത്തരങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച തുക

80 [1423] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി യഥാക്രമം എത്ര തുക നീക്കിവച്ചുവെന്ന് അറിയിക്കാമോ;

(ബി) ഈ തുകയിൽ യഥാക്രമം എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസനത്തിനായി 1996-97 മുതൽ 2001-02 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ ഉപപദ്ധതിക്കായി നീക്കിവച്ച തുക യഥാക്രമം 12.85 കോടി, 55.08 കോടി, 56.10 കോടി, 56.93 കോടി, 62.92 കോടി എന്നീ ക്രമത്തിലാണ്. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി യഥാക്രമം 3525.25 ലക്ഷം രൂപയും 4097.32 ലക്ഷം രൂപയും 6152.60 ലക്ഷം രൂപയും, 8060.70 ലക്ഷം രൂപയും 12113 ലക്ഷം രൂപയും നീക്കിവച്ചിരുന്നു.

(ബി) 1996-97 മുതൽ 2001-02 വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്നതിന് വകയിരുത്തിയ തുകയിൽ ചെലവഴിച്ചത് യഥാക്രമം 12.85 കോടി, 14.23 കോടി, 16.32 കോടി, 14.21 കോടി, 12.80 കോടി എന്നിക്രമത്തിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ കണക്ക് ഇതിൽ ഉൾപ്പെടുന്നില്ല. പട്ടികജാതി വികസന വകുപ്പ് ചെലവഴിച്ച തുക യഥാക്രമം 3525.41 ലക്ഷം, 4088.48 ലക്ഷം, 6080.60 ലക്ഷം, 7929.83 ലക്ഷം, 12171.23 ലക്ഷം എന്ന ക്രമത്തിലാണ്.

അദർ എലിജിബിൾ കമ്മ്യൂണിറ്റിയിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

81 [1425] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 'അദർ എലിജിബിൾ കമ്മ്യൂണിറ്റി'യിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നല്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണത്തെ തുക നല്കുവാനുണ്ട്;

(ബി) ഈ തുക എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly